(ബി) ഈ റോഡിന്റെ പാർശ്വഭിത്തി നിർമ്മിച്ച് ഗതാഗത യോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത റോഡിന്റെ ഇടിഞ്ഞ ഭാഗത്ത് പാർശ്വഭിത്തി നിർമ്മിച്ച് റോഡ് പുനരുദ്ധരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ; വിശദവിവരം ലഭ്യമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) 15-6-2015-ലെ സ.ഉ. (സാധാ) നമ്പർ 832/15/പൊ.മ.വ. പ്രകാരം പ്രസ്തുത റോഡിന്റെ പാർശ്വഭിത്തി നിർമ്മിക്കുന്നതിനായി 480 ലക്ഷം രൂപയുടെ ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയിട്ടുണ്ട്. പ്രസ്തുത റോഡിന്റെ പാർശ്വഭിത്തി നിർമ്മാണത്തിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

അങ്ങാടിപ്പുറം റെയിൽവേ മേൽപ്പാല നിർമ്മാണം

321 (1355) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അങ്ങാടിപ്പുറം റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്നും ആയത് എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

അങ്ങാടിപ്പുറം റെയിൽവേ മേൽപ്പാലത്തിന്റെ എല്ലാ തൂണുകളുടെയും 18 തൂണുകളുടെയും കൃാപ്പുകളിൽ 13 എണ്ണത്തിന്റെയും 18 പിയറുകളിൽ 11 എണ്ണത്തിന്റെയും 16 പിയർ കൃാപ്പുകളിൽ 8 എണ്ണത്തിന്റെയും നിർമ്മാണം പൂർത്തിയായിട്ടുണ്ട്. മേൽപ്പാലത്തിന്റെ പണികൾ 2016 ജനുവരി 31-ാം തീയതിയോടെ പൂർത്തീകരിക്കാനാകുമെന്നാണ് പ്രതീക്ഷ.

ആത്തിപ്പൊറ്റ പാലത്തിന്റെ പുനർ നിർമ്മാണം

322 (1356) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തരൂർ മണ്ഡലത്തിലെ ആത്തിപ്പൊറ്റ പാലത്തിന്റെ പുനർനിർമ്മാണത്തിനുള്ള നടപടികൾ ഏതു ഘട്ടംവരെയായെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly